# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4045** **03/02/2014-ൽ മറുപടിക്ക്**

## കേരള ക്യാമ്പയിൻ എഗൻസ്റ്റ് കാൻസർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" ഷാഫി പറമ്പിൽ<br>" എം. പി. വിൻസെന്റ്<br>" ബെന്നി ബഹനാൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | 'കേരള ക്യാമ്പയിൽ എഗൻസ്റ്റ് കാൻസർ' എന്ന പ്രചാരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 'കേരള ക്യാമ്പയിൻ എഗൻസ്റ്റ് കാൻസർ' എന്ന കാൻസർ ബോധവത്കരണ നിർണയ പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം., ആർ.സി.സി., തിരുവനന്തപുരം എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതിനുള്ള സമഗ്ര പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ലോക കാൻസർ ദിനമായ ഫെബ്രുവരി 4-ന് ആരംഭിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ NPCDCS എന്ന കേന്ദ്രാവിഷ്കൃത ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി നിലവിലുള്ള അഞ്ച് ജില്ലകളിലും (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) തിരുവനന്തപുരം ജില്ലയിലുമാണ് നടപ്പിലാക്കുക.<br>കർമ്മപദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകുന്നതിന്റെ ഭാഗമായി NRHM-ന്റെ കീഴിലുള്ള 14 ഡോക്ടർമാർ അടങ്ങുന്ന ആദ്യ സംഘത്തിന് 22-1-2014 മുതൽ 25-1-2014 വരെ കാൻസർ ബോധവൽക്കരണവും കാൻസർ സ്ക്രീനിംഗിനെയും സംബന്ധിച്ച പരിശീലനം നൽകിക്കഴിഞ്ഞു. 25 പേരടങ്ങുന്ന നഴ്സുമാരുടെ സംഘത്തിന് ആർ.സി.സി. യിൽ ഇപ്പോൾ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. ജനുവരി 27 മുതൽ ഫെബ്രുവരി 1 വരെ ഇപ്രകാരം 5 സംഘം വീതം ഡോക്ടർമാർക്കും നഴ്സുമാർക്കും 2014 മാർച്ചുമാസം 31-ന് മുൻപായി പരിശീലനം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | 1. NPCDCS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലെയും, തിരുവനന്തപുരം ജില്ലയിലെയും ഗ്രാമീണരായ സ്ത്രീകളിൽ സ്തനം, ഗർഭാശയഗളം, വായ് എന്നീ ഭാഗങ്ങളിൽ ഉണ്ടാകുന്ന കാൻസറിനെക്കുറിച്ചും കാൻസറിന് മുന്നോടിയായ മാററങ്ങളെക്കുറിച്ചും അവലോകനം നടത്തുക.<br>2. മുകളിൽപ്പറഞ്ഞ ആറു ജില്ലകളിലുമുള്ള ജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പ്രാഥമിക കാൻസർ പ്രതിരോധത്തിന് വേണ്ട അവബോധം നൽകുക.<br>3. മുകളിൽ പറഞ്ഞ ജില്ലകളിൽ നിന്നും കാൻസർ സ്ക്രീനിംഗിന് എത്തുന്ന ആളുകളുടെ നിരക്ക് അവലോകനം ചെയ്യുക.<br>4. പ്രസ്തുത ജില്ലകളിലെ ജനങ്ങളിൽ പുകയില ഉപയോഗത്തിൻെറയും മദ്യപാനത്തിൻെറയും തോത് വിലയിരുത്തുക.<br>5,6. മേൽപ്പറഞ്ഞ ജില്ലകളിൽ പരിശീലനം ലഭിച്ച നഴ്സുമാർ സ്തനം, വായ് എന്നിവ പരിശോധിക്കുന്നത് എത്രമാത്രം കാര്യക്ഷമമാണെന്ന് വിലയിരുത്തുക.<br>7. പാപ് സ്മിയർ സ്ക്രീനിംഗിനായി എത്തുന്നവരുടെ നിരക്ക് അവലോകനം ചെയ്യുക.<br>8. മേൽപ്പറഞ്ഞ ജില്ലകളിൽ എത്ര മാത്രം കാൻസർ രോഗികളുണ്ടെന്ന് അവലോകനം ചെയ്യുക |
| (സി) | ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം. (അമൃതം ആരോഗ്യം എന്ന ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതി), ആർ.സി.സി. തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | പ്രസ്തുത പ്രചാരണ പരിപാടിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം., ആർ.സി.സി. എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഇതു സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും, ആർ.സി.സി. അവതരിപ്പിച്ച പ്രോജക്ട് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രിയുടെ ചേംബറിൽ വച്ച് ആരോഗ്യ മന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും പദ്ധതി വിശകലനം ചെയ്യുകയുണ്ടായി. ജനവരി 22 മുതൽ ഒരു ബാച്ച് ഡോക്ടർമാർക്കും, 27 മുതൽ സ്റ്റാഫ് നഴ്സുമാർക്കും തിരുവനന്തപുരം ആർ.സി.സി.യിൽ വച്ച് കാൻസർ രോഗ നിർണ്ണയ പരിശീലനം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ